# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**

**ഫോൺ : 0495-2371012**



Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി.10/1858/23 ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി.10/1858/23

തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-03-2023 മുതൽ 02-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ. എസ് | ജോയിന്റ് ഡയറക്ടർ | 04-12-2023 | 12-12-2023 |

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 12-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സതീഷ്കുമാർ.കെ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ഷിബിൻ.കെ.എസ്, സീ.ഗ്രേ.ഓഡിറ്റർ
ശ്രീ.ശ്രീജിത്ത്.കെ.വി,സീ.ഗ്രേ.ഓഡിറ്റർ
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിജ്ജള കെ കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സുന്ദരരാജൻ.കെ. | സെക്രട്ടറി | 01-04-2022 | 31-05-2023 |
| അനിഷ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 18-01-2023 |
| ശശിധരൻ നെല്ലോളി | സെക്രട്ടറി | 19-01-2023 | 24-01-2023 |
| അജി കെ തോമസ് | സെക്രട്ടറി | 25-01-2023 | 13-03-2023 |
| അനിഷ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിഷ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| വിജയലക്ഷ്മി സി.എച്ച് | കൃഷി ഓഫീസർ | 01-04-2022 | 01-08-2022 |
| ഡോണ കരിപ്പാളി | കൃഷി ഓഫീസർ | 04-08-2022 | 31-03-2023 |
| ഡോ. എം. ബബിത | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

| | | | |
|---|---|---|---|
| ഡോ. ബിജ്ജനേഷ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 31-03-2023 |
| സന്ധ്യ എം.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ദയാകലൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ദിവ്യാബാലൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| വിഷ്ണുരാജ് | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2022 | 21-07-2022 |
| അജ്ജലി | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 22-07-2022 | 09-03-2023 |
| മജ്ഞു ബാലകൃഷ്ണൻ | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 10-03-2023 | 31-03-2023 |
| ശുഭ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.ഷൈനി നമ്പീശൻ | വെറ്റിനറി സർജൻ | 16-07-2022 | 06-02-2023 |
| ഡോ. സുനിൽകുമാർ | വെറ്റിനറി സർജൻ | 07-02-2023 | 31-03-2023 |
| ഡോ. ആനി നവോമി ഫിലിപ്പ് | വെറ്റിനറി സർജൻ | 01-04-2022 | 15-07-2022 |

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അനുബന്ധ രേഖകളുടെ അഭാവം | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന് ആധികാരികത ഇല്ല | 1-1-2 |
| 4 | ഡിമാന്റുകൾ യഥാസമയം രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ആസ്തി മൂല്യം ഉൾപ്പെടുത്തിയില്ല. | 1-1-4 |
| 6 | തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു | 1-1-5 |
| 7 | ആസ്തി വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-1-6 |
| 8 | പഞ്ചായത്ത് ഫണ്ട് കണക്കാക്കിയതിൽ അപാകത | 1-1-7 |
| 9 | ബാധ്യതാ വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-1-8 |
| 10 | ഡെപോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | റിട്ടേണായ പേയ്മെന്റുകളുടെ വിവരം ലഭ്യമാക്കിയില്ല. | 1-1-10 |
| 12 | മൂലധന ചെലവിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല/ കൃത്യതയില്ല | 1-1-11 |
| 13 | നിക്ഷേപ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | ക്ഷേമ പദ്ധതികൾ | 1-6 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 20 | ടാക്സ് ഓഡിറ്റ് | 1-8 |
| 21 | തൊഴിൽ നികുതി-അപാകതകൾ | 1-9 |
| 22 | റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-10 |
| 23 | ടേക്ക് എ.ബ്രേക്ക് പദ്ധതി- അവലോകനം | 1-11 |
| 24 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല | 1-12 |
| 25 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 1-13 |
| 26 | ഫോം വർക്ക് ആവശ്യമില്ലാത്ത കോൺക്രീറ്റ് റോഡ് വർക്കിന് ഫോം വർക്ക് ഉൾപ്പെടുന്ന ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അധിക തുക | 1-14 |



Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

| | | |
|---|---|---|
| | നൽകി . ചെലവിനത്തിൽ പഞ്ചായത്തിന് നഷ്ടം. | |
| 27 | നടപടിക്രമങ്ങൾ പാലിക്കാതെ യാത്രാബത്ത അനുവദിക്കുന്നു. | 1-15 |
| 28 | ബഡ്സ് സ്കൂൾ വാഹന പരിപാലനത്തിൽ അപാകത | 1-16 |
| 29 | ക്ഷീര വികസന മേഖലയിലെ പദ്ധതികൾ ആസൂത്രണ-നിർവ്വഹണ ഘട്ടത്തിലെ അപാകതകൾ. | 1-17 |
| 30 | അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറുകാരന് അധിക തുക നൽകപ്പെടുന്നു. | 1-18 |
| 31 | സിമന്റിന് മാർക്കറ്റ് നിരക്കിൽ അധികരിച്ച  തുക നൽകുന്നു. | 1-19 |
| 32 | മിൽക്ക് ഇൻസെന്റീവ്-5 ഗുണഭോക്താക്കൾക്ക് ഇൻസെന്റീവ് ലഭിച്ചില്ല | 1-20 |
| 33 | റിംഗ് കമ്പോസ്റ്റ് -ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല. | 1-21 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | ഫോം വർക്ക് ആവശ്യമില്ലാത്ത കോൺക്രീറ്റ് റോഡ് വർക്കിന് ഫോം വർക്ക് ഉൾപ്പെടുന്ന ഐറ്റം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അധിക തുക നൽകി . ചെലവിനത്തിൽ പഞ്ചായത്തിന് നഷ്ടം. | 3-1 |
| 2 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 3-2 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചാ രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ട ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശ പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പഞ്ചായത്ത് ഭരണസമിതിയുടെ 23.06.2023 1/1-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 26.06.2023 ന് പിന്തുണ ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2023 മ മാസം അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻക എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.23 തീയതി വരെയുള്ള ബാലൻസ് ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ട തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടു കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം..

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പ പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനക തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്ത അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്ര സാക്ഷ്യപ്പെടുത്തുന്നു.

. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധ ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അനുബന്ധ രേഖകളുടെ അഭാവം

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ പാലിക്കാതെയും അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ, 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾക്കൊള്ളിക്കാതെയുമാണ് വാർഷിക കണക സമർപ്പിച്ചിട്ടുള്ളത്. മേൽ അപാകതകളും മറ്റ് അപാകതകളും മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും അപാകത തൻവർഷവും ആവർത്തിക്കപ്പെടുകയോ പരിഹരിക്കാതെ തുടരുകയോ ചെയ്തിട്ടുണ്ട്.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന് ആധികാരികത ഇല്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ര രേഖപ്പെടുത്തിയ 28992555 രൂപയും ഇതേ പത്രികയിലെ Operating, Investing, Finan Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ 20088217 രൂപയും ത പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-3 ഡിമാന്റുകൾ യഥാസമയം രേഖപ്പെടുത്തുന്നില്ല.

ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നതിൽ വരുത്തി. ഉദാ- വസ്തു നികുതി ലഡ്ജർ പരിശോധിച്ചതിൽ ( 110100101 | Property Ta Residential Buildings ) വർഷത്തിൽ രണ്ട് തവണ മാത്രമെ ഡിമാന്റ് എൻട്രികൾ ജേ വൗച്ചറായി രേഖപ്പെടുത്തിയിട്ടുള്ളൂ എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-1-4 ആസ്തി മൂല്യം ഉൾപ്പെടുത്തിയില്ല.

വാർഷിക കണക്ക് B14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസിന്റെ നീക്കിയിരിപ്പ് 0 രൂപയ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ആസ്തിമൂല്യമുള്ള സാധന സാമ്പത്തിക വർഷാവസാനത്തിൽ നീക്കിയിരിപ്പുണ്ട്.

## 1-1-5 തെറ്റായ നിരക്കുകളിൽ തേയ്മാന മൂല്യം കണക്കാക്കുന്നു

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

ആസ്തി ശീർഷകങ്ങളിൽ റോഡിന്റെ മൂല്യം New Roads, Mettalled Roads , Tarred എ
ശീർഷകങ്ങളിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 16.67 % നിരക്കിലാണ് (ആയുർ ദൈർ
-6 വർഷം ) ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത്. എന്നാൽ കോൺക്രീറ്റ് റോഡുക
ആയുർദൈർഘ്യം 10 വർഷമാണ്. അത്തരം റോഡുകൾ പ്രത്യേക ശീർഷകത
രേഖപ്പെടുത്തി 10% നിരക്കിൽ ഡിപ്രീസിയേഷൻ കണക്കാക്കേണ്ടിയിരുന്നു.

**<u>1-1-6 ആസ്തി വിവരങ്ങൾ ലഭ്യമാക്കിയില്ല.</u>**

Other Fixed Assets എന്ന ശീർഷകത്തിൽ 99992 രൂപ നീക്കിയിരിപ്പ് 
രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയ്
പ്രസ്തുത ആസ്തി സംബന്ധിച്ച വിവരങ്ങൾ ആസ്തി രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല.

**<u>1-1-7 പഞ്ചായത്ത് ഫണ്ട് കണക്കാക്കിയതിൽ അപാകത</u>**

ബാലൻസ് ഷീറ്റിലെ B1 ഷെഡ്യൂളിലെ Excess Of Income Over Expenditure 
രേഖപ്പെടുത്തിയ 27782673 രൂപയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. Ex
Of Income Over Expenditure കണക്കാക്കുന്നതിലേക്ക് Prior Period Income രണ്ട് ത
പരിഗണിച്ചതായി കാണുന്നു

**<u>1-1-8 ബാധ്യതാ വിവരങ്ങൾ ലഭ്യമാക്കിയില്ല.</u>**

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ Other Liabilities 255043 എന്ന ബാധ്യതാ തുക
വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

**<u>1-1-9 ഡെപോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.</u>**

ബാലൻസ് ഷീറ്റിലെ B7 ഷെഡ്യൂളിലെ ആകെ ഡെപോസിറ്റും ഓഡിറ്റിന് ലഭ്യമാ
ഡെപോസിറ്റ് രജിസ്റ്ററിലെ ആകെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**<u>1-1-10 റിട്ടേണായ പേയ്മെന്റുകളുടെ വിവരം ലഭ്യമാക്കിയില്ല.</u>**

ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളിലെ 350800102 - Liability In Respect Of Paym
Returned എന്ന ശീർഷകത്തിലെ 74200 രൂപയുടെ വിശദാംശങ്ങൾ ഓഡ്
ലഭ്യമാക്കിയിട്ടില്ല.

**<u>1-1-11 മൂലധന ചെലവിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല/കൃത്യതയില്ല</u>**

ബാലൻസ് ഷീറ്റിലെ B11 (B) ഷെഡ്യൂളിലെ 412010101 - Capital Work In Progress 
ശീർഷകത്തിലെ 7069 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ആസ്തി നിർമ്മാണ പദ്ധതി
72/23 നമ്പർ പദ്ധതിയിൽ നിന്ന് മാത്രമായി ഓഡിറ്റ് വർഷത്തിൽ 784259 
കരാറുകാരന് പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്.

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

## 1-1-12 നിക്ഷേപ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റിലെ B12 ഷെഡ്യൂൾ പ്രകാരം 7096250 രൂപ നിക്ഷേ നീക്കിയിരിപ്പുണ്ടെങ്കിലും FD രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത ഓഡി സാക്ഷ്യപ്പെടുത്താനായിട്ടില്ല. സാമ്പത്തിക വർഷാരംഭത്തിൽ 7000000 നിക്ഷേപമുണ്ടായിരുന്നെങ്കിലും തൻ വർഷം നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ വരവ 96250 രൂപ മാത്രമെ ആർജ്ജിച്ചിട്ടുള്ളൂ . 1.36 ശതമാനം നിരക്കിൽ മാത്രമെ പ ആർജ്ജിച്ചിട്ടുള്ളൂ.

## 1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തിയ്യതിയിലെ 0 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 24189798 |
| വരവ് | 47743808 |
| ആകെ | 71933606 |
| ചെലവ് | 42941051 |
| നീക്കിയിരിപ്പ് | 28992555 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ചെലവഴിക്കാതെ നഷ്ടപ്പെട്ട തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | എ.സി.ആർ പ്രകാരം | | 2,03,18,450 | 2,03,18,450 | 1,84,15,888 | |
| | ജി.ഒ പ്രൊജക്ട് പ്രകാരം | | 18,20,550 | 18,20,550 | 18,20,550 | |
| | ആകെ | | 2,21,39,000 | 2,21,39,000 | 2,02,36,438 | 19,02,562 |
| വികസന ഫണ്ട് എസ്.സി.പി | എ.സി.ആർ പ്രകാരം | | 14,56,735 | 14,56,735 | 14,40,735 | |

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

| | | | | | | |
|---|---|---|---|---|---|---|
| | ജി.ഒ പ്രൊജക്ട് പ്രകാരം | | 1,26,265 | 1,26,265 | 1,26,265 | |
| | ആകെ | | 15,83,000 | 15,83,000 | 15,67,000 | 16,000 |
| മെയിന്റനൻസ് ്ഗ്രാന്റ് റോഡ് | | | 70,33,000 | 70,33,000 | 61,45,400 | 8,87,600 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | | | 62,24,000 | 62,24,000 | 49,88,392 | 12,35,608 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (പി.എഫ്.എം.എസ് പ്രകാരം) | | 51,16,800 | 57,75,000 | 1,08,91,800 | 26,06,334 | 82,85,466 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് (എ.സി.ആർ പ്രകാരം) | | 13,79,375 | 41,21,347 | 55,00,722 | 39,86,248 | 15,14,474 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് (ട്രഷറി) | | | 3,64,592 | 3,64,592 | 1,69,906 | 1,94,686 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺ ടൈഡിന്റെ എ.സി.ആറിലെ ചെലവ് തുക 39912 രൂപയാണ്. വാർഷിക കണക്കുമായി 4994/- രൂപയുടെ വ്യത്യാസമുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 198 | 162513190 | 134 | 57034579 | 64 | 67.67 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

| | |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 36,64,800 |
| വിധവാപെൻഷൻ | 1,66,73,800 |
| വാർദ്ധക്യകാലപെൻഷൻ | 2,99,93,000 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 8,73,600 |
| വികലാംഗപെൻഷൻ | 53,23,000 |
| വിവാഹ ധനസഹായം | 2,40,000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക ബാലൻസ് പരിശോധന 08.12.2023 ന് സ്ഥാപന തലവന്റെ/ ഉത്തരവാദ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം ത സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധ നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓ നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്ത മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾക്ക് സ്വതന്ത്ര പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്ന പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിത ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകള ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നി വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നത വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതി തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരു സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുക ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നി വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നി ചുമത്താവുന്നതും ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെ വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചാ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായ ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ ടാക്സ് ഓ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**<u>കെട്ടിടങ്ങൾ</u>**

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ, സഞ്ചയ സോഫ്റ്റ് വെയ കണക്കുകൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലായി നില നിയമാനുസൃതം നിർമ്മിക്കപ്പെട്ട് പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്ന 1 കെട്ടിടങ്ങളും, പാർപ്പിടേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായി 3441 ക നമ്പറുകളും , 8 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമാണ് ഉള്ളത്. കെട്ടിടങ്ങളിൽ 265 എ നിയമാനുസൃതം നികുതി ഒഴിവാക്കി കൊടുക്കപ്പെട്ടവയാണ്.

**<u>നികുതി വരുമാനം</u>**

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ നോൺറെസിഡൻഷ്യൽ , കുടിശ്ശിക ഉൾപ്പെടെ ആകെ വസ്തു നികുതി വരവ് 58,85,8 രൂപയാണ്. വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷ വസ്തുനികുതി വരവ് 1,00,00,000/- രൂപയായിരുന്നു.

**<u>ഇ പേയ്മെന്റ്</u>**

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധ നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ലഭ്യമാണ്.ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈന സ്വീകരിച്ചു വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 6739231 നമ്പർ ഇ-പെയ്മന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക വന്നു ചേരു തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ശരാശരി രണ്ട് മുതൽ
ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയമെന്റ് അക്കൗണ്ടിലേ
ലഭിക്കുന്നത്. ഓൺലൈൻ മുഖേന അടവാക്കപ്പെടുന്ന തുക ആദ്യം ഇൻഫർമേഷൻ 
മിഷന്റെ തിരുവനന്തപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോവുകയും അവിടെ 
ഐ.കെ.എം അതത് തദ്ദേശസ്ഥാപനങ്ങളിലേക്ക് തുക കൈമാറുന്നതിന് അനുസരിച്ച് മ
ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലു
സഞ്ചയ സോഫ്റ്റ്‌വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറു
ബന്ധിപ്പിക്കപ്പെട്ടില്ലാത്തതിനാൽ ഓൺലൈനായി അടവാക്കപ്പെടുന്ന തുക സംബന്
ഐ.കെ.എം നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വീണ്ടും റസീപ്റ്റ് എ
നടത്തിയാൽ മാത്രമേ തുക ഐ.ൽ.ജി.എം.എസിൽ വരവായി രേഖപ്പെടുത്തപ്പെടുന്നുള്ളൂ.

**2023 – 24 ലെ നികുതി പരിഷ്കരണം**

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തി
ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പു
നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്ര
വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചാ
ഭരണസമിതിയുടെ 12.06.2023ലെ 7/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അ
നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃ
മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടെ
ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിട
വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത
പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത 
വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023ലെ സ.ഉ(സ
77/2023/തസ്വഭവ നമ്പർ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്ര
കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധ
എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയ
ലഭ്യമാക്കുന്ന9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന മേൽ ഉത്തര
ഖണ്ഡിക 5ലെ നിർദ്ദേശം ഇതു വരെ പാലിക്കപ്പെട്ടിട്ടില്ല.

**വസ്തുനികുതി നിർണ്ണയത്തിലെ അപാകത**

റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കു

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ച
പട്ടിക2പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ 
പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധ
വരുത്തേണ്ടതാണ്. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുക
നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവ

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

വർദ്ധനവുകളും വരുത്തേണ്ടതില്ല.വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ ബിൽഡിംഗ് രജിസ്റ്റർ, നമ്പറിംഗ് ഫയലുകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ നി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ ചില പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ വസ്തു നി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധ രേഖപ്പെടുത്താത്തതായി കണ്ടു.(ഖണ്ഡിക 1-10 കാണുക)

**പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയിട്ടില്ല**

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെ വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് ന രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓ നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെ പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(1)ലും വ്യക്തമാക്കിയി ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയാൽ നികുതി നിർണ്ണയത്തിന് ശേ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയെ കണ്ടെത്താൻ സാധിക്കുന്നതും ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്ത സാധിക്കുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ പോസ്റ്റ് ഒക്യുപെ ഓഡിറ്റ് നടത്തിയിട്ടില്ല.

**സേവന ഉപനികുതി**

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്ക ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്ത ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനി ചുമത്താവുന്നതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടെ സേവന ഉപനികുതി ചുമത്തപ്പെടുന്നില്ല.

**തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരാ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർ വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.പ്രൊഫഷണലുകൾ, പഞ്ചായത്ത പ്രവർത്തിക്കുന്ന റേഷൻകടകൾ , ഓഡിറ്റോറിയം , എന്നിവയിൽ നിന്നും 2022-23 വ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ഇ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരവ്യൂഹം തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

## എഫ്.ടി.ഇ.എ.ഒ.സ് ലൈസൻസ് ഡിമാന്റ് പൂർണ്ണമാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണ
കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്ത
ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെ
അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല കെട്ടിടങ്ങ
കേന്ദ്രീകരിച്ച് മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയ
ഭൂമി ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന വ്യാപാരങ്ങളും വ്യവസായങ്ങളും ട്രേഡേഴ്സ് ലിസ
ഉൾപ്പെട്ടിട്ടുമില്ല (കെട്ടിട നിർമ്മാണ വസ്തുക്കൾ സംഭരിച്ച് വില്പന നടത്തുന
അഗ്രികൾച്ചറൽ നഴ്സറി തുടങ്ങിയവ).

മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടി
സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നത
ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ച
ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും നടപ്പ് വർഷത്ത
ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

## ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഇ-പെയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാ
ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതുാണ്.
2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നി
പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേ
പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റ
അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
4. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നി
പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്ത
പുനർ നിർണ്ണയിക്കേണ്ടതാണ്.
5. ഗ്രാമപഞ്ചായത്തിൽ യുക്തമായ സ്ഥലങ്ങളിൽ സേവന ഉപനികുതി ഏർപ്പെടുത്തി നി
വരുമാനം വർദ്ധിപ്പിക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്.
6. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനം
ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ല
കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീ
പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്ത
മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നില
പരിശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ
ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടടങ്ങളിൽ

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാ
7. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങ
പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊ
നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-9 തൊഴിൽ നികുതി-അപാകതകൾ

I) വാടക വരുമാനം ആർജ്ജിക്കുന്ന കെട്ടിടഉടമകളിൽ നിന്നും തൊഴിൽ നി
ഈടാക്കുന്നില്ല.

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊ
നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. കെട്ടിട വാടകക്കാരുമായി കെട്ടിട ഉടമയുണ്ടാ
വാടക കരാർ പരിശോധിച്ചതിൽ നിന്നും വലിയ തുക പ്രതിമാസ വാടകയായി ഈടാ
കെട്ടിട ഉടമകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയ
ചില ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഡി&ഒ ലൈസൻസ് നം, സ്ഥാപനം | വാടക എഗ്രിമെന്റ് പ്രകാരമുള്ള പ്രതിമാസ വാടക | കെട്ടിട ഉടമ |
|---|---|---|---|---|
| 1 | 11/356 C | 558 ബ്രീസ് ടെക്നോസിസ് | 9,500/- | എം.രാജൻ, പൂളിക്കൂൽ |
| 2 | 9/663,665, 666 | 815 കെയർ ട്രെയിഡേഴ്സ് | 10,000/- | പി.എം.നാരായണൻ, ചെറുവത്ത് |
| 3 | 9/648 A,B,C,D | 809 ടേക്ക് കെയർ | 25,000/- | ഇബ്രാഹിം, പള്ളിക്കുളങ്ങര |
| 4 | 16/324,325, 326 | 519 ചിങ്ങൻസ് ട്രേഡ് ലിങ്ക് | 8,000/- | കുഞ്ഞമദ്.സി, ചാത്തോത്ത്, മേമുണ്ട |

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

| | | | | |
|---|---|---|---|---|
| 5 | 11/254 | 546<br>സാസ്<br>ട്രേഡിംഗ് | 4,000/- | രാജൻ.പി.എം,<br>പുല്ലേരികണ്ടി മീത്തൽ |
| 6 | 8/285 B | 224<br>എം.ആർ.<br>ഏജൻസീസ് | 6,000/- | ഹസീന,<br>കണ്ടോത്ത്പറമ്പിൽ,<br>മേമുണ്ട |

(ii)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർ തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികു വിധേയനാകുന്നതാണ്. 2022-23 സാമ്പത്തിക വർഷം വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ ന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) 1) ശ്രീ. ആദർശ്.സി.എസ്, തിയ്യാരോത്ത് താഴെ, കാരയാട്, മേപ്പയ്യൂർ

2) ശ്രീ. അസീസ്.വി.വി, വാഴവളപ്പിൽ,ചെരണ്ടത്തൂർ, വടകര

3) ശ്രീ. പവിത്രൻ പുന്നേരി, പുന്നേരി(H), രായങ്ങരോത്ത്, വടകര

4) ശ്രീ. വിപിൻകുമാർ.പി, പുന്നേരി(H), രായങ്ങരോത്ത്, വടകര

5) ശ്രീ. ഉഫൈൽ.എം.പി, മീത്തടി പാറക്കൽ, ആയഞ്ചേരി

മേൽപ്പറഞ്ഞ കരാറുകാറിൽ നിന്നും കെട്ടിടഉടമകളിൽ നിന്നും തൊഴിൽ നി ഈടാക്കിയിട്ടുണ്ടെങ്കിൽ ഈടാക്കിയ നികുതി, രസീത് നമ്പർ, തീയതി സഹിതം ഓഡ് അറിയിക്കേണ്ടതാണ് .

## 1-10 റോഡുകളുടെ വീതി തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ട ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളിൽ ( പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധ വരുത്തേണ്ടതാണ്. അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള റോഡുക നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവു വർദ്ധനവുകളും വരുത്തേണ്ടതില്ല.

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ ന്യൂ ബിൽഡിംഗ് രജി നമ്പറിംഗ് ഫയലുകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി നിർണ്ണയം എ പരിശോധിച്ചപ്പോൾ താഴെപറയുന്ന പാർപ്പിടാവശ്യ കെട്ടിടങ്ങളുടെ വസ്തു നി നിർണ്ണയത്തിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധ രേഖപ്പെടുത്താത്തതായി കണ്ടു.

I)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | മുഹമ്മദ് അലി, പള്ളിക്കാമത്ത്കുനി, വില്ല്യാപ്പള്ളി |
| റീ.സ നമ്പർ | 77/6, 78/24 |
| വില്ലേജ് | വില്ല്യാപ്പള്ളി |
| താലൂക്ക് | വടകര |
| മേഖല | ദ്വിതീയം |
| കെട്ടിടത്തിന്റെ ഐഡി | 51013010014278 |
| അനുവദിച്ച കെട്ടിട നമ്പർ | 6/9 B |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | പാർപ്പിടാവശ്യം |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 226.58 $M^2$ (താഴത്തെ നില )+ 93.35 $M^2$ (ഒന്നാ നില) = 319.93 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 4 |

എൽ.എസ്.ജി.ഡി അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 6 മീറ്റർ വീതിയുള്ള റോ (Road To Manappuram) നിന്നാണ് മേൽ കെട്ടിടത്തിടത്തിലേക്കുള്ള പ്രവേശന മാ എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ അഞ്ച് മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടു വീതിയുള്ള ചെമ്മാണിമ്മൽ റോഡിൽ നിന്നാണ് പ്രവേശന മ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികു സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുത വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് ചുമത്തേണ്ട 20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കു

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 4 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (ഇളവ് - 10% മേഖല, വർദ്ധനവ്-15%തറനിർമ്മിതി) | യഥാർത്ഥത്തിൽ 4രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി (ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം, 15% തറനിർമ്മിതി) |
|---|---|---|---|
| | | | |

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

| | | | |
|---|---|---|---|
| 6/9 B | 319.93 $M^2$, പാർപ്പിടാവശ്യം | 1344 + 68 (5% LC) = 1412 | 1600 + 80 (5% LC) = 1680 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (1600 + 80 ) - (1344 + 68) 256 + 12 (5% LC) = 268 | | | |

li)

| | |
|---|---|
| ഉടമസ്ഥന്റെ പേര്, വിലാസം | യൂസഫ്.വി.വി, വണ്ണത്താംവീട്ടിൽ, കുട്ടോത്ത്, കീഴൽ |
| റീ.സ നമ്പർ | 106/27 |
| വില്ലേജ് | വില്ല്യാപ്പള്ളി |
| താലൂക്ക് | വടകര |
| മേഖല | ദ്വിതീയം |
| കെട്ടിടത്തിന്റെ ഐഡി | 51013010014576 |
| അനുവദിച്ച കെട്ടിട നമ്പർ | 13/138 A |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | പാർപ്പിടാവശ്യം |
| കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | 177.11 $M^2$ (താഴത്തെ നില )+ 108.66 $M^2$ (ഒന്നാം നില) = 285.77 $M^2$ |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 4 |

എൽ.എസ്.ജി.ഡി അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 5.5 മീറ്റർ വീതി റോഡിൽ (Kuttoth To Chettiyath UP School Road) നിന്നാണ് മേൽ കെട്ടിടത്തിടത്തിലേ പ്രവേശന മാർഗ്ഗം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ അഞ്ച് മീറ്ററിൽ കുറവും മീറ്ററിൽ കൂടുതലും വീതിയുള്ള നായനാർ ഭവൻ റോഡിൽ നിന്നാണ് പ്രവേശന മ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികു സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടു വീതിയുള്ള റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് ചുമത്തേണ്ട20 ശതമാനത്തിന്റെ വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്ന

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ | ഗ്രാമപഞ്ചായത്ത് 4 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി | യഥാർത്ഥത്തിൽ 4 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി |
|---|---|---|---|

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

| | | | |
|---|---|---|---|
| | വിസ്തീർണ്ണം, തരം | (ഇളവ് - 10% മേഖല, വർദ്ധനവ്-15%തറനിർമ്മിതി, 10%- എയർ കണ്ടീഷനിംഗ്) | (ഇളവ് - 10% മേഖല, വർദ്ധനവ്-15%തറനിർമ്മിതി 10%- എയർ കണ്ടീഷനിംഗ് 20%വഴി സൗകര്യം) |
| 13/138A | 285.77 $M^2$, പാർപ്പിടാവശ്യം | 1315 + 66 (5% LC) = 1381 | 1544 + 78 (5% LC) = 1622 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (1544 + 78) - (1315 + 66) 229 + 12 (5% LC) = 241 | | | |

സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്നാണ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയ പരിശോധനയിൽ നിന്ന് വ്യക്തമാകുന്നത്. കെട്ടിട നമ്പർ അനുവദിച്ച ശേഷം അടിസ്ഥാന വസ്തുനികുതിയിൽ വിവിധ ഘടകങ്ങ അടിസ്ഥാനമാക്കി ഇളവുകളും വർദ്ധനവുകളും നൽകുന്നതിൽ സ്ഥാപനം കൂ ശ്രദ്ധിക്കേണ്ടതുണ്ട്. 2011 ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങ നികുതിനിർണ്ണയം എല്ലാം തന്നെ പുന പരിശോധനയ്ക്ക് വിധേയമാക്കേണ്ടത ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന മാർഗമെന്ന നിലയിൽ കെട്ടിടനി കണക്കാക്കുന്നതിലെ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി സഞ്ചയ സേ വെയറിൽ പുനർനിർണ്ണയിച്ച് കുറവ് വന്ന നികുതി ഈടാക്കി ഓഡിറ്റ അറിയിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി നിർണ്ണ പുന പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്.

## 1-11 ടേക്ക് എ.ബ്രേക്ക് പദ്ധതി- അവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു. മുഖ്യമന്ത്രിയുടെ 12 കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതു ശുച സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങ ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയ സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുച സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്ര നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീ 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തര

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തു നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ സർക്കാർ ഉത്തരവിൽ [സ.ഉ.(സാധാ)നം.1401/2020/ത.സ്വ.ഭ.വ.] ഈ പദ്ധതിയിലുൾപ്പെ പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദ നൽകുകയും ചെയ്തു.

ഇതിന്റെ അടിസ്ഥാനത്തിൽ 2022-23ൽ പ്രോജക്റ്റ് നം (SO)78/22-23 ആയി 2,000,000/- വകയിരുത്തി ചെയ്ത് ടേക്ക് എ ബ്രേക്ക് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ദേ അനുവദിച്ച ഭൂമിയിൽ ലോകനാർകാവ് ക്ഷേത്രത്തിന് സമീപമായിട്ടാണ് പദ്ധതി കെ നിർമ്മിച്ചിരിക്കുന്നത്. കെട്ടിടത്തിന് ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി 2022-23ൽ 200,0 രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 08-12-2023നടത്തിയ സ്ഥല പരിശോധന കെട്ടിടത്തിലേക്ക് വെള്ളം എത്തിക്കുന്നതിന് സ്ഥിരം സംവിധാനം ഒരുക്കിയിട്ടില്ല എന്ന് ജില്ലയിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ലോകനാർകാവ് ക്ഷേത്രത്തിനടുത്തായുള്ള ഈ എ ബ്രേക്ക് കെട്ടിടത്തിൽ സ്ത്രീകൾക്കായുള്ള ശുചിമുറിയിൽ ഒരു ഇന്ത്യൻ ക്ലോസറ്റ് മാത്രമാണു യൂറോപ്യൻ ക്ലോസറ്റ് സ്ത്രീകളുടെ ശുചിമുറിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് പ രൂപീകരണത്തിലെ അപാകതയാണ്. ടേക്ക് എ ബ്രേക്ക് കെട്ടിടത്തിൽ വെള്ളം എത്തിക്കുന്ന സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-12 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്നുക ലഭ്യമായില്ല

പ്രോജക്ട് നമ്പർ - 23/22-23

നിർവഹണം - മെഡിക്കൽ ഓഫീസർ ( ആയുർവേദം)

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ഫണ്ട് - മെയിന്റൻസ് ഫണ്ട് (നോൺറോഡ്)

ചെലവ് - 1,50,000 ( ബിൽ നമ്പർ -147/2022-23 , തീ - 05.01.2023 )

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണം നടത്തിയ ഹോമി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ 1,50,000 /-രൂപ മുൻകൂറായി സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി, പാതിരാപ്പള്ളി, ആലപ്പുഴ സ്ഥാപനത്തിന് മരുന്ന വാങ്ങാനായി 05.01.2023 ന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതു 67,696 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്.

ബാക്കി 82,304 രൂപയുടെ ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപട അറിയിക്കേണ്ടതാണ്. ചെലവ് തുക 82,304 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-13 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

Explore our developer-friendly HTML to PDF API Printed using PDFCrowd HTML to PDF

വില്യാപ്പള്ളി ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിന നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം « കാലാവധിയിലും അധികരിച്ചിട്ടുണ്ട്. എന്നാൽ കരാർ പ്രകാരം പ്രവൃത്ത് പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കാതെ « തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | കരാർ തീയതി | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാല യളവ് | സൈറ്റ് കൈ മാറിയ തീയതി | പ്രവൃത്തി പൂർത്തി യാക്കേണ്ട തീയതി | പ്രവൃത്തി പൂർത്തി യാക്കിയ തീയതി | Agreed PAC | ഈടാ ക്കിയ പിഴ | ഈടാ ക്കേണ്ട പിഴ | കരാറു കാരൻ |
|---|---|---|---|---|---|---|---|---|---|---|
